# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

Web Edition Only

2007 ജൂൺ 6, 4 pm




## ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കബറടക്കം നാളെ വള്ളിക്കാട്ട് ദയറായിൽ

കോട്ടയം: ഇടുക്കി ഭദ്രാസനാധിപൻ ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കബറടക്കം നാളെ 11. 30 ന് വള്ളിക്കാട്ട് ദയറായിൽ നടക്കും. ഇന്ന് 5 മണിയോടെ ഭൗതികദേഹം ദേവലോകം അരമനയിലെത്തിക്കും. രാത്രി 11 മണിക്ക് ദേവലോകത്തു നിന്നും വള്ളിക്കാട്ട് ദയറായിലേക്ക് ഭൗതികദേഹം കൊണ്ടുപോകും.

## സ്വപ്നങ്ങൾ ബാക്കിവെച്ച് നിത്യതയിലേക്ക്

### എം. കുര്യൻ തോമസ്

പ. വാകത്താനം ബാവായുടെ പരിശുദ്ധ പ്രഖ്യാപനം, ചക്കുപള്ളം ഗത്സീമോൻ അരമന ചാപ്പലിന്റെ പൂർത്തീകരണം, ഇടുക്കി ഭദ്രാസനത്തിലെ പള്ളികളുടെ വികസനം, പ. വട്ടക്കുന്നേൽ ബാവായുടെ സമ്പൂർണ്ണകൃതികളുടെ പ്രസിദ്ധീകരണം..... ദേശീയപാത 220 ലെ വാഹനാപകടത്തിൽ ഇടുക്കി ഭദ്രാസനാധിപൻ ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കാലം ചെയ്തത് ഒരു പിടി സ്വപ്നങ്ങൾ ബാക്കിവച്ചുകൊണ്ടാണ്.

മലങ്കരസഭയിലെ പ്രായം കുറഞ്ഞ മെത്രാപ്പോലീത്താമാരിലൊരാളായ ഔഗേൻ മാർ ദീവന്നാസ്യോസ് പ. വട്ടക്കുന്നേൽ ബാവായുടെ സെക്രട്ടറിയായാണ് സഭാ രംഗത്ത് ശ്രദ്ധേയനായത്. സമീപകാലത്ത് മലങ്കരസഭ കണ്ട ഏറ്റവും മികച്ച പ്രിൻസിപ്പൾ സെക്രട്ടറി എന്ന നിലയിൽ ആരോപണ രഹിതമായും മാതൃകാപരമായും മികച്ച രീതിയിലാണ് പ. പിതാവ് കാലം ചെയ്യുന്നതുവരെ അദ്ദേഹത്തെ സേവിച്ചത്.

യാദൃച്ഛികമായാണ് വള്ളിക്കാട്ടു ദയറായുടെ മാനേജർ സ്ഥാനം ഏറ്റെടുക്കേണ്ടിവന്നത്. അനാഥമായികിടന്ന രണ്ടാം കാതോലിക്കായുടെ കബറിടവും വള്ളിക്കാട്ടു ദയറായും പ. വട്ടക്കുന്നേൽ ബാവാ ഏറ്റെടുത്തപ്പോൾ അവിടേക്ക് "ആർ നമുക്കുവേണ്ടി പോകും" എന്ന ചോദ്യത്തിനു "അടിയനിതാ അടിയനെ അയക്കേണമേ" എന്നു പറഞ്ഞ് സ്വയം ഏറ്റെടുത്ത കഷ്ടപ്പാടായിരുന്നു മാനേജർ സ്ഥാനം. പ്രതിബന്ധങ്ങളെ അതിജീവിച്ച് വള്ളിക്കാട്ടു ദയറാ ചാപ്പൽ പുതുക്കിപ്പണിതു. ഇന്ന് മലങ്കരയിലെ പൊതു തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന വള്ളിക്കാട്ടു ദയറാ ഏറ്റവും വൃത്തിയായി സൂക്ഷിക്കപ്പെടുന്ന പൊതുസ്ഥാപനവുമാണ്.

ചരിത്രത്താളുകളിൽ അവഗണിക്കപ്പെട്ടു കിടന്നിരുന്ന വാകത്താനത്തു ബാവായുടെ മഹത്വം തിരിച്ചറിഞ്ഞു പൊതുജനശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ പ്രധാന ഉത്തരവാദി ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായാണ്. ആ ശ്രമത്തിന്റെ ഭാഗമായിരുന്നു അദ്ദേഹത്തിന്റെ സമഗ്ര ജീവചരിത്രവും, കൃതികളും പഠനങ്ങളും ഉൾപ്പെട്ട "കാതോലിക്കേറ്റിന്റെ നിധി" എന്ന സമാഹാര ഗ്രന്ഥം.

പ. വാകത്താനത്തു ബാവായെ പരിശുദ്ധനായി പ്രഖ്യാപിക്കുക എന്നത് അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. അതിനുള്ള പ്രാഥമിക ശ്രമങ്ങളും അദ്ദേഹം നടത്തിയിരുന്നു.

അവികസിതമായ ഇടുക്കി ഭദ്രാസനത്തിലേയ്ക്ക് ഔഗേൻ മാർ ദീവന്നാസ്യോസിനെ മെത്രാപ്പോലീത്തായായി അയയ്ക്കുമ്പോൾ പ. വട്ടക്കുന്നേൽ ബാവായുടെ പക്കൽനിന്നും അഭ്യസിച്ച ഭരണ പാടവവും പ. വാകത്താനത്തു ബാവായുടെയും പ. വട്ടക്കുന്നേൽ ബാവായുടെയും അനുഗ്രഹവും മാത്രമായിരുന്നു കൈമുതൽ. ചുരുങ്ങിയ ഒന്നരവർഷം

കൊണ്ട്, ഇടുക്കി പ്രമുഖ ഭദ്രാസനങ്ങളുടെ നിലയിൽ വന്നു. അരമന, കത്തീഡ്രൽ, അനേകം പള്ളികൾ എന്നിവ പുതുക്കിപ്പണിതു. മാർ ഗ്രീഗോറിയോസ് അബ്ദുൽ ജലീലിന്റെ നാമത്തിലുള്ള അരമന ചാപ്പൽ പണി പൂർത്തിയായി വരുന്നു.

കിഴക്കിന്റെ മഹാനായ കാതോലിക്കാ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ സമ്പൂർണ്ണകൃതികൾ പ്രസിദ്ധീകരിക്കുക എന്നതാണ് പൂർത്തിയാകാത്ത മറ്റൊരു സ്വപ്നം. 2007 മെയ് 2 ന് പഴയ സെമിനാരിയിൽ മാനേജിംഗ് കമ്മറ്റി യോഗത്തിനു ശേഷം മാർ ദീവന്നാസ്യോസ് ഈ ലേഖകനെ വിളിച്ചു വരുത്തി. പ. വട്ടക്കുന്നേൽ ബാവായുടെ സമ്പൂർണ്ണകൃതികൾ പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടു. ലേഖനങ്ങൾ, കല്പനകൾ, പ്രസംഗങ്ങൾ, കോടതിമൊഴികൾ ഇവ ശേഖരിക്കണമെന്നും സമഗ്ര സംഭാവനകളെപ്പറ്റി ഒരു പഠനം ഈ ലേഖകൻ എഴുതണമെന്നും ഒരു വർഷത്തിനുള്ളിൽ പ്രസിദ്ധീകരിക്കണമെന്നും ആവശ്യപ്പെട്ടു. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയായിരുന്നു. ഈ കൃതിയ്ക്ക് താൻ ഒരു പേര് കണ്ടിട്ടുണ്ടെന്നും അത് കൃതി പൂർത്തിയാകുമ്പോൾ പറയാമെന്നും അദ്ദേഹം അന്നു പറഞ്ഞു. ആ പേരും ഇന്ന് വാഴൂരിൽ നിത്യരഹസ്യമായി മാറി.

അദ്ദേഹത്തിന് പുഷ്പിക്കാത്ത മറ്റൊരു സ്വപ്നമായിരുന്നു ഇടുക്കിയുടെ ആദ്യത്തെ മെത്രാപ്പോലീത്തായും ഇപ്പോൾ അമേരിക്കാ ഭദ്രാസനാധിപനുമായ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ ശിഷ്ടജീവിതകാലം ഇടുക്കി അരമനയിൽ കൊണ്ടുവന്ന് ശുശ്രൂഷിച്ച് താമസിപ്പിക്കണമെന്നും കാലം ചെയ്യുമ്പോൾ അദ്ദേഹത്തെ അവിടെ കബറടക്കണമെന്നും.

“അഞ്ചു വർഷത്തിനുള്ളിൽ ഇടുക്കിയെ മലങ്കരസഭയിലെ ഏറ്റവും മികച്ച ഭദ്രാസനമാക്കി മാറ്റും. അതിനുശേഷം ഞാൻ അവിടെനിന്നും സഭ നിശ്ചയിക്കുന്ന ഏതു സ്ഥലത്തേക്കും മാറും. ഭദ്രാസനത്തിൽ കെട്ടിപ്പിടിച്ചു കിടക്കാനൊന്നും ഞാനില്ല.” ഈ ഏപ്രിൽ അവസാനവാരം വള്ളിക്കാട്ടു ദയറായിൽവച്ചു മാർ ദീവന്നാസ്യോസ് ഈ ലേഖകനോടു പറഞ്ഞതാണിത്. അഞ്ചു വർഷം തികയ്ക്കാതെ മാർ ദീവന്നാസ്യോസ് കടന്നുപോയപ്പോൾ ‘മെത്രാൻ വാഴാത്ത ഭദ്രാസന’മെന്ന ദുഷ്പേരിന് ഇടുക്കി ഇരയാകുകയാണോ എന്ന സംശയം ബാക്കി നിൽക്കുന്നു.

# സൗമ്യതയുടെ തൂവൽ സ്പർശം

ഒരു പൂവിനോടു മിണ്ടുംപോലെയാണ് ഔഗേൻ റമ്പാനോടു സംസാരിച്ചിരിക്കുന്നത്. ധ്യാനനിരതമായ ശാന്തത, പതിഞ്ഞ ശബ്ദം, ചെറിയവാക്കുകൾ. കോട്ടയത്ത് വാകത്താനത്തിനടുത്ത്, പ. ഗീവർഗീസ് പ്രഥമൻ ബാവാ കബറടങ്ങിയിരിക്കുന്ന വള്ളിക്കാട്ട് ദയറായിലും ചുറ്റിലും ഇതേ ശാന്തതയും സൗമ്യതയും. ഇലകളനങ്ങുന്നതുപോലും പതിയെ.

ഔഗേൻ എന്നാൽ വിശുദ്ധമായ ജന്മം എന്നർത്ഥം. വിശുദ്ധിയുടെ വഴിയിലൂടെ വിശ്വാസിയെ കൈപിടിച്ചു നടത്താനുള്ള ദൗത്യമാണ് ഔഗേൻ റമ്പാന്റേതെന്നു തിരിച്ചറിഞ്ഞത് പരിശുദ്ധ ബസേലിയസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായാണ്. പത്തനംതിട്ട ജില്ലയിലെ റാന്നിയിൽ പകലോമറ്റം താഴമൺ മാവേലിൽ പേരങ്ങാട്ട് മത്തായി കുര്യന്റേയും സാറാമ്മയുടേയും മകൻ വിനോയിയെ വളരെ ചെറുപ്പത്തിൽ തന്നെ തിരിച്ചറിഞ്ഞു അദ്ദേഹം. 1976 ൽ പരിശുദ്ധ ബാവായുടെ നോമിനിയായാണ് വിനോയി കോട്ടയം പഴയ സെമിനാരിയിൽ വൈദിക വിദ്യാർത്ഥിയായി ചേരുന്നത്.

നാലുവർഷങ്ങൾക്കു ശേഷം പഴയ സെമിനാരിയിൽ നിന്ന് വിനോയി പുറത്തിറങ്ങിയത് ബെസ്റ്റ് ഔട്ട് ഗോയിങ് സ്റ്റുഡന്റ് എന്ന ബഹുമതിയുമായാണ്. വിനോയി എന്ന വിദ്യാർത്ഥി അങ്ങനെ ഫാ. സഖറിയാ പേരങ്ങാട്ട് എന്ന വൈദികനായി.

റാന്നി സെന്റ് തോമസ് കോളജിൽ നിന്ന് ബി. എസ്. സിയും അണ്ണാമല സർവ്വകലാശാലയിൽ നിന്ന് എം. എയും പാസായിട്ടുണ്ട്. സ്കൂളിലും സെമിനാരിയിലും പഠിക്കുന്ന കാലത്തു തന്നെ പ്രസംഗമത്സരങ്ങളിലും മറ്റും മിടുക്കനായിരുന്ന അദ്ദേഹം വൈദികനെന്ന നിലയിലും വളരെപ്പെട്ടെന്നു തിളങ്ങി. റമ്പാൻ സ്ഥാനം സ്വീകരിച്ചപ്പോൾ മാത്യൂസ് പ്രഥമൻ ബാവാ തന്നെയാണ് ഔഗേൻ എന്ന പേരും നൽകിയത്.

ധ്യാനഗുരു, മികച്ച പ്രഭാഷകൻ, ദാർശനികനായ ഭരണാധികാരി, കഴിവുറ്റ സംഘാടകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച റമ്പാച്ചൻ ഇപ്പോൾ വള്ളിക്കാട്ട് ദയറായുടെ മാനേജരാണ്.

പൗരോഹിത്യ ജീവിതത്തിന്റെ ഇരുപത്തഞ്ചാം വർഷത്തിലേക്കു കടന്നപ്പോഴാണ് ഔഗേൻ റമ്പാന് നിയോഗം പോലെ ബിഷപ്പ് സ്ഥാനം ലഭിക്കുന്നത്. സഭയേയും ജീവിതത്തേയും സ്നേഹത്തേയും വിശ്വാസത്തേയും കുറിച്ച് ഔഗേൻ റമ്പാൻ സംസാരിക്കുന്നു. അഭിമുഖത്തിൽ നിന്ന്:

**എങ്ങനെയാണ് മാത്യൂസ് പ്രഥമൻ ബാവായുടെ ശ്രദ്ധയിൽ പെടുന്നത്?**

തീർത്തും യാദൃച്ഛികമായാണ് അദ്ദേഹം എന്നെ കാണുന്നത്. ആദ്യം കണ്ടപ്പോൾ തന്നെ എന്നെ അദ്ദേഹത്തിന് എന്തുകൊണ്ടോ ഇഷ്ടമായി. പിന്നീടുള്ള എന്റെ ജീവിതത്തെ വഴി നടത്തിയത് ആ സ്നേഹമാണ്. സെമിനാരിയിലയച്ചു, പഠിപ്പിച്ചു. 16 വർഷം സെക്രട്ടറിയായി ഒപ്പം നിന്നു. അതു ദൈവ നിശ്ചയമാണ്.

**ബാവായോടൊപ്പമുള്ള 16 വർഷങ്ങൾ. ആ കാലം റമ്പാച്ചനെ എ ങ്ങിനെയാണ് സ്വാധീനിച്ചത്, രൂപപ്പെടുത്തിയത്?**

അത് വലിയൊരു അനുഭവമായിരുന്നു. വലിയ മനുഷ്യനായിരുന്നു അദ്ദേഹം. ഒരുപാടു പഠിക്കാൻ കഴിഞ്ഞത് ആ ഘട്ടത്തിലാണ്. അദ്ദേഹത്തോടൊപ്പം നിരവധി യാത്രകളും – വിദേശത്തടക്കം – ചെയ്യാനും ക ഴിഞ്ഞു. അദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകത സ്വന്തമായി ഒന്നും അദ്ദേഹത്തിനു വേണ്ടിയിരുന്നില്ല. എല്ലാം സഭയ്ക്കു വേണ്ടി അദ്ദേഹം സമർപ്പിച്ചു. സ്വന്തമായി തറവാട്ടു വീട്ടിലുണ്ടായിരുന്ന സാധനങ്ങൾ പോലും അദ്ദേഹം അരമനയിൽ കൊണ്ടുവന്നു വെച്ചു. അദ്ദേഹത്തിന്റെ നിസ്വാർഥതയും ത്യാഗസന്നദ്ധതയുമാണ് എനിക്കും വഴികാട്ടിയായിട്ടുള്ളത്. എന്റെ റോൾമോഡൽ അദ്ദേഹം തന്നെയാണ്.

സഭയുടെ ഭരണ സംവിധാനത്തെക്കുറിച്ചും ആരാധനാ പാരമ്പര്യത്തെക്കുറിച്ചും ആചാരനുഷ്ഠാനങ്ങളെക്കുറിച്ചും വ്യക്തമായ അനുഭവപരിചയം കിട്ടി. പരിശുദ്ധ മൂറോൻ കൂദാശ തുടങ്ങിയുള്ള പ്രധാന ശുശ്രൂഷകൾക്ക് മുഖ്യസഹായിയായി പങ്കെടുക്കുവാൻ ഈ അറിവാണ് പിൻബലമായത്.

**വൈദികനായിരുന്നില്ലെങ്കിൽ എന്താകുമായിരുന്നു?**

അതാകാനായിരുന്നു എന്റെ നിയോഗം. വൈദികനായില്ലെങ്കിൽ ഒരുപക്ഷേ അധ്യാപകനാവുമായിരുന്നു.

**പഠിക്കുന്ന കാലത്തു തന്നെ നല്ല പ്രസംഗകനെന്നും പേരെടുത്തിരുന്നു റമ്പാച്ചൻ. പ്രസംഗത്തിനു പുറമെ മറ്റെന്തിലൊക്കെയായിരുന്നു താൽപര്യം?**

പ്രസംഗമത്സരങ്ങളിൽ കുറെ സമ്മാനമൊക്കെ കിട്ടിയിട്ടുണ്ട്. പിന്നെ കൃഷിയിലും താൽപര്യമുണ്ടായിരുന്നു. വീട്ടിലെ കൃഷി കാര്യങ്ങളിലൊക്കെ സഹായിക്കുമായിരുന്നു. പിന്നെ പുസ്തകങ്ങൾ വായിക്കും.

**ഏതൊക്കെത്തരം പുസ്തകങ്ങളാണു വായിക്കുക? രാഷ്ട്രീയം ശ്രദ്ധിക്കാറുണ്ടോ?**

രാഷ്ട്രീയത്തിൽ ഇടപെടാറില്ല. അതിൽ താൽപര്യവുമില്ല. ആദ്ധ്യാത്മിക പുസ്തകങ്ങളാണ് വായനയിൽ കൂടുതലും. ഇന്ത്യൻ സന്യാസിമാരുടെയും യോഗികളുടെയും ജീവിതത്തെക്കുറിച്ചുള്ള പുസ്തകങ്ങളിലും താൽപര്യമുണ്ട്.

**യോഗ പഠിച്ചിട്ടുണ്ടോ? പ്രാക്ടീസ് ചെയ്യാറുണ്ടോ?**

യോഗയും മെഡിറ്റേഷനും ദിനചര്യയുടെ ഭാഗമാണ്. സി.എസ്.ഐ. ബിഷപ്പായിരുന്ന സി. എസ്. സുന്ദരേശനിൽ നിന്നാണ് യോഗ പഠിക്കുന്നത്. പിന്നെ ഋഷികേശിലെ യോഗി മോഹൻജിയിൽ നിന്ന് ഉപരിപഠനവും നടത്തി.

**വള്ളിക്കാട്ടു ദയറ മലങ്കര സഭയിലെ പ്രധാന തീർഥാടന കേന്ദ്രങ്ങളിലൊന്നായി മാറുന്നത് റമ്പാച്ചന്റെ കാലത്താണല്ലോ?**

ദൈവനിശ്ചയപ്രകാരം ഞാനതിനു നിയോഗിക്കപ്പെട്ടുവെന്നു മാത്രമേയുള്ളൂ. വെടിപ്പും ഭംഗിയും വിശുദ്ധിയും കാത്തു സൂക്ഷിക്കുന്നതിൽ ഞാൻ എന്നും ശ്രദ്ധിച്ചിരുന്നു. 50 ലക്ഷം രൂപയുടെ നിർമാണ പ്രവർത്തനങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. ദയറായുടെതുമായി ബന്ധപ്പെട്ട് നടത്തുന്ന ഭവനനിർമാണം, പഠനസഹായം തുടങ്ങിയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ നിരവധി പേർക്ക് വെളിച്ചമേകി എന്നതും സംതൃപ്തി നൽകുന്നു. ദയറായുടെ വികസനത്തോടൊപ്പം നാടിനും പുരോഗതിയുണ്ടായി. ഗീവർഗീസ് പ്രഥമൻ ബാവാ തിരുമേനിയുടെ ചരമപ്ലാറ്റിനം ജൂബിലി പ്രോജക്ടുകളായി സഭ പ്രഖ്യാപിച്ചിട്ടുള്ള റിലീജിയസ് ആർട്ട് ആൻഡ് ആർക്കിടെക്ച്ചർ ഇൻസ്റ്റിറ്റ്യൂട്ട്, സഭാമ്യൂസിയം, പള്ളി ഉപകരണ നിർമാണ കേന്ദ്രം, അരമന മന്ദിരം തുടങ്ങിയവയുടെ നിർമാണത്തിനു പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**സഭയിലെ തർക്കങ്ങളും കേസുകളും വലിയൊരു പ്രതിസന്ധിയാണല്ലോ. മെത്രാൻ സ്ഥാനത്തേയ്ക്കെത്തുമ്പോൾ ഇത്തരം പ്രശനങ്ങളിൽ കൂടുതൽ സജീവമായി ഇടപെടേണ്ടി വരും. എങ്ങിനെയാണ് ഇതിനെ കാണുന്നത്?**

അതിൽ ദുഃഖമുണ്ട്. പ്രശ്നങ്ങൾ മാറിക്കിട്ടണമെന്നാണ് ആഗ്രഹം. പരസ്പരം സ്നേഹത്തോടെ വേണം ജീവിക്കാൻ. പക്ഷേ ബൈബിളിൽ പറയുന്നത് പ്രതിസന്ധികൾ ആവശ്യമാണെന്നാണല്ലോ. ലക്ഷ്യത്തിൽനിന്നു വ്യതിചലിക്കുമ്പോൾ ഉണ്ടാകുന്ന പ്രതിസന്ധികളാണിതൊക്കെ. സഭയെയും വിശ്വാസികളെയും നേർവഴി നടത്താൻ ഇത്തരം പരീക്ഷണങ്ങൾ സഹായിക്കും. പ്രതിസന്ധികളിലൂടെയാണ് സഭ ശക്തമാകുന്നത്. വ്യക്തിത്വം തെളിയിക്കുന്നത്.

**യുവാക്കൾ സഭയെക്കുറിച്ച് നിരാശരാണോ?**

യുവാക്കൾക്കു കൂടുതൽ അവസരങ്ങൾ കിട്ടേണ്ടതുണ്ട്. പലപ്പോഴും അവരെ പരിഗണിക്കാതെ പോകുന്നുവെന്നതു സത്യമാണ്. ഇതു പരിഹരിക്കപ്പെടണം.

**ഏറ്റവും പ്രിയപ്പെട്ട ഒരു സ്വപ്നം എന്താണ്?**

ഏകാന്തമായ, പ്രകൃതിയുടെ മടിത്തട്ടിലുള്ള ഒരു ആശ്രമത്തിൽ ധ്യാനത്തിലും പ്രാർത്ഥനയിലും കഴിയുക.

**പ്രകൃതിദുരന്തങ്ങളുടെയും മനുഷ്യസൃഷ്ടിയായ ദുരന്തങ്ങളുടെയുമൊക്കെ ഒരു കാലത്താണല്ലോ നമ്മൾ ജീവിക്കുന്നത്. എന്താണ് ഇപ്പോൾ അങ്ങയുടെ പ്രാർത്ഥന?**

സ്നേഹവും സമാധാനവും ഉണ്ടാകുക. നീതിമാന്മാരുടെ എണ്ണം കൂടുക. അതിനായാണ് എന്റെ പ്രാർത്ഥന.

*(മനോരമ, 2005 മാർച്ച് 5)*



**ഗബ്രിയേൽ റമ്പാൻ, ഔഗേൻ റമ്പാൻ, യൂഹാനോൻ റമ്പാൻ, സഖറിയ റമ്പാൻ എന്നിവർ മെത്രാഭിഷേകത്തിനു തലേന്ന് ബാവായൊടൊപ്പം.**